I/56038/2023

**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഏഴാം നില, കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സ്**

**തമ്പാനൂർ, തിരുവനന്തപുരം-695001**

**വിജ്ഞാപനം**

**കീം-2023**

**കേരള ആയുർവേദ [BAMS]ഹോമിയോപ്പതി , [BHMS]സിദ്ധ , [BSMS] യുനാനി, [BUMS] കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം**

**പുതുക്കിയ അന്തിമ റാങ്ക് ലിസ്റ്റ് & കാറ്റഗറി ലിസ്റ്റ് പ്രസിദ്ധീകരിച്ചു.**

2023 - ലെ ആയുർവേദ, ഹോമിയോപ്പതി, സിദ്ധ, യുനാനി കോഴ്സ് പ്രവേശനത്തിനുള്ള നീറ്റ് യോഗ്യതാ മാനദണ്ഡത്തിൽ AIAPGET/COE/2023 dated 09.11.2023 പ്രകാരം ഇളവ് വരുത്തിയത് പ്രകാരം പുതുതായി യോഗ്യത നേടിയ വിദ്യാർത്ഥികൾക്കും പ്രസ്തുത കോഴ്സിലെ ഒഴിവുള്ള സീറ്റുകളിലേയ്ക്ക് അപേക്ഷിക്കുന്നതിന് അവസരം നൽകിയിരുന്നു. ഇത്തരത്തിൽ പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റിലൂടെ പുതുതായി അപേക്ഷ സമർപ്പിച്ച വിദ്യാർത്ഥികളെയും ഉൾപ്പെടുത്തികൊണ്ടുള്ള പുതുക്കിയ അന്തിമ റാങ്ക് & കാറ്റഗറി ലിസ്റ്റ് **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു.

റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും വിദ്യാർത്ഥികൾ അതാത് കോഴ്സുകളിലേക്കുള്ള യോഗ്യതാമാനദണ്ഡവും, 2023 വർഷത്തെ നീറ്റ് യു.ജി ഇൻഫർമേഷൻ ബുള്ളറ്റിൻ പ്രകാരമുള്ള യോഗ്യതാമാനദണ്ഡവും, പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിലെ പ്രവേശനത്തിനായുള്ള പ്രോസ്പെക്ടസ് ക്ലോസ് 6.2 പ്രകാരമുള്ള യോഗ്യതകളും പ്രവേശന സമയത്ത് നേടിയിരിക്കേണ്ടതാണ്.

റാങ്ക് ലിസ്റ്റ് സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്കും അലോട്ട്മെന്റ് സംബന്ധിച്ച തുടർന്നുള്ള വിവരങ്ങൾക്കും വിദ്യാർത്ഥികൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റ് **www.cee.kerala.gov.in** സന്ദർശിക്കേണ്ടതാണ്.

**ഹെൽപ് ലൈൻ നമ്പർ : 04712525300**

Signed by
Sudhir K Ias
Date: 20-11-2023 15:08:45

തിരുവനന്തപുരം
20-11-2023

**പ്രവേശന പരീക്ഷാ കമ്മീഷണർ**